11/1/23

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 40(2)/2022**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **586**/എസ്.ഐ.സി-ജി 6/22)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.പുഷ്പാംഗദൻ പി.എസ്.,
മെമ്പർ, ബി.ജെ.പി.പുനലൂർ മണ്ഡലം കമ്മിറ്റി,
ഉറുകുന്ന് പി.ഒ., തെന്മല,
പിൻ – 691 307.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ& ആതറൈസ്ഡ് ഓഫീസർ, താലൂക്ക് ഓഫീസ്, പുനലൂർ.**

2. **അപ്പീൽ അധികാരി& തഹസിൽദാർ(ഭൂരേഖ), താലൂക്ക് ഓഫീസ്, പുനലൂർ.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.10.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാഹിയ തീയതി | 26.10.2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 29.10.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 28.12.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 11.01.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 11.01.2022 |
| ഹിയറിംഗ് നടന്ന തീയതി | 12.12.2022, കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാൾ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 22.10.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, സംസ്ഥാന ഗവ.പാട്ടവ്യവസ്ഥയിൽ ഹാരിസണു നൽകിയ വസ്തു, പാട്ട കാലാവധി കഴിഞ്ഞ മുറയ്ക്ക് തെന്മല റിയാ കമ്പനിക്ക് കൈമാറിയ ടി സ്ഥലം വന ഭൂമിയാണോ, നിക്ഷിപ്ത വന ഭൂമിയാണോ, റവന്യൂ ഭൂമിയാണോയെന്നും ടി ഭൂമി സംബന്ധമായി ഏതെങ്കിലും തരത്തിലും സിവിൽ കേസുകൾ നടക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച പകർപ്പ് നൽകണമെന്നും 2020–21 വർഷം ടി വസ്തുവിനു കരം അടച്ചിട്ടുണ്ടോയെന്നും പട്ടികയിൽ പറയുന്ന 206 ഏക്കറിന് നിലവിൽ കരം എത്രയെന്നുമാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല എന്നു കാണിച്ചാണ് 29.10.2021ൽ അപ്പീൽ ഹർജി സമർപ്പിച്ചിട്ടുള്ളതെന്നും ടിയാന്റെ അപേക്ഷ പരിഗണിച്ച തിൽ പുനലൂർ സബ് കോടതിയിൽ റിയ എസ്റ്റേറ്റിനെതിരെ ഒ.എസ്.10/2020 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതായി മറുപടി നൽകിയിട്ടുള്ളതും പ്രസ്തുത ഭൂമിയെ സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ സർക്കാർ ഭാഗം സംരക്ഷിക്കേണ്ടതിനാൽ ശേഷിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകാൻ നിർവ്വാഹമില്ല എന്നും ടിയാനെ അറിയിച്ചിരുന്നുവെന്നാണ്.

ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ വാദം കേൾക്കുന്നതിന് 17.11.2021–ാം തീയതി രാവിലെ 11മണിക്ക് അപ്പീൽ അധികാരി മുമ്പാകെ ഹാജരാകുന്നതിന് ഹർജിക്കാരനും എസ്.പി.ഐ.ഒ.യ്ക്കും കത്ത് നൽകുകയും ഹർജിക്കാരൻ ഹാജരായി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുകയും

ചെയ്തു. കൂടാതെ എസ്.പി.ഐ.ഒ.യെ നേരിൽ കേട്ട് വിവരങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്.

കോടതിയിൽ നിലവിലുള്ള റിയ എസ്റ്റേറ്റിനെതിരെയുള്ള കേസിൽ സർക്കാർ ഭാഗം സംരക്ഷിക്കുതിനു വേണ്ടി ടി കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ രഹസ്യസ്വഭാവമുള്ളത് ആയതിനാലാണ് ഹർജിക്കാരന്റെ അപേക്ഷയുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാതിരുന്നത് എന്ന് എസ്.പി.ഐ.ഒ. വ്യക്തമാക്കിയിട്ടുമുണ്ട്.

വിവരാവകാശ അപേക്ഷയിന്മേൽ എസ്.പി.ഐ.ഒ. സമയബന്ധിതമായി മറുപടി നൽകിയതായി കാണുന്നുവെന്നും കോടതിയുടെ പരിഗണനയിൽ ഉള്ള വിഷയം സംബന്ധിക്കുന്ന വിവരങ്ങൾ വെളിപ്പെടുത്തിയാൽ അത് എതിർകക്ഷിയുടെ കേസിന് ഗുണകരമാവും എന്നതിനാൽ അത്തരം വിവരം വകുപ്പ് 8(1)(ജെ) പ്രകാരം ഒഴിവാക്കാവുന്നത് സംബന്ധിച്ച് 25.09.2009ലെ ഫയൽ നമ്പർ CIC/SG/A/2009/002302/4945 കത്തിൽ വ്യക്തമാക്കുന്നുവെന്നുമാണ്. ടി സാഹചര്യത്തിൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകന്റെ ചോദ്യങ്ങൾക്ക് നിയമപരമായും വസ്തുനിഷ്ഠമായും മറുപടി നൽകിയിട്ടുണ്ടെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ 26.10.2021ലെ ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ വിവരാവകാശ നിയമം വകുപ്പ് 8(i)(b) പ്രകാരമാണ് വിവരം നിഷേധിച്ചിരിക്കുന്നത്. വകുപ്പ് 8(i)(b) "ഏതെങ്കിലും നിയമ കോടതിയാലോ, ട്രിബ്യൂണലാലോ അതിന്റെ പ്രസിദ്ധീകരണം പ്രത്യക്ഷമായി നിരോധിച്ചിട്ടുള്ളതും അല്ലെങ്കിൽ അതിന്റെ വെളിപ്പെടുത്തൽ കോടതിയലക്ഷ്യമായി തീരുന്നതോ ആയ വിവരത്തിന്റെ വെളിപ്പെടുത്തലും;" ആയതിനാൽ ഹർജിക്കാരന് തെറ്റായ മറുപടിയാണ് നൽകിയിരിക്കുന്നതെന്ന് കമ്മീഷന് ബോധ്യമാകുന്നു. ടി വീഴ്ച ഗുരുതരമാകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ ടി എതിർകക്ഷി

യ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

അതോടൊപ്പം 23.02.2022ൽ രണ്ടാം എതിർകക്ഷി സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട് വിവരാവകാശ നിയമത്തിന് വിരുദ്ധമാണെന്നും മേൽപ്പടിയാൻ ഉദ്ദേശിച്ചിരിക്കുന്ന വിവരാവകാശ നിയമത്തിലെ വകുപ്പ് 8(i)(j) പ്രകാരം ഹർജിക്കാരന്റെ അപേക്ഷ നിരിസിച്ചിരിക്കുന്നത് നിയമപരമായി ന്യായീകരിക്കത്തക്കതല്ല. ആയതിനാൽ രണ്ടാം എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ടിയാന്റെ വിശദീകരണം കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്.

കൂടാതെ 15–ാം തീയതിയ്ക്കകം ഹർജിക്കാരന് വ്യക്തമായ മറുപടി നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 13.12.2022ൽ ടി ഓഫീസിൽ നിന്നും മറുപടി നൽകിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 28–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/

കമ്മീഷൻ സെക്രട്ടറി

Ge/